**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 61** **24-06-2026-ൽ മറുപടിയ്ക്ക്**

**<u>മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീമതി ഉഷ വിജയൻ

ശ്രീ. കെ. പ്രവീൺ കുമാർ

ശ്രീ. കെ. എം. അഭിജിത്ത്

ശ്രീ. സന്ദീപ് വാര്യർ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന വകുപ്പ് മന്ത്രി)

**(എ)** മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വനസംരക്ഷണം,ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്.

മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽതന്നെ നിലനിർത്തുക (Containment), മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക (Mitigation) എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻകരുതൽ നടപടികൾക്ക് ശേഷവും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം , അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ സ്ഥാപിക്കുക, AI, ഡ്രോൺ എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജപ്പെടുത്തുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നവയ്ക്ക് വേഗത്തിലുള്ള നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും വിഭാവനം ചെയ്തിട്ടുണ്ട്.

**(ബി)** വന്യജീവികൾ ജനവാസ മേഖലയിലേക്ക് കടന്നുവരുന്നതിന്റെ കാരണം ശാസ്ത്രീയമായി പഠനവിധേയമാക്കി പരിഹാരമാർഗ്ഗങ്ങൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

**<u>മറുപടി:</u>** വനങ്ങളുടെ വാഹകശേഷി കണക്കാക്കാനും, വന്യജീവികൾ ജനവാസമേഖലയിലേയ്ക്ക് ഇങ്ങുന്നതിന്റെ കാരണങ്ങൾ ശാസ്ത്രീയമായി പഠിക്കാനുമായി ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യയുമായി വനം വകുപ്പ് ബന്ധപ്പെട്ടിട്ടുണ്ട്.

**(സി)** ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ വന്യജീവി സാന്നിധ്യം സംബന്ധിച്ച് ജനങ്ങൾക്ക് മുന്നറിയിപ്പുകൾ നൽകുന്നതിലൂടെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

**മറുപടി:** വനസംരക്ഷണം,ജനപങ്കാളിത്തം, ആധുനിക സാങ്കേതികവിദ്യ എന്നിവ ഏകോപിപ്പിച്ച് മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനായി വനം വകുപ്പ് ഒരു ദീർഘകാല നയരേഖയായ "Vision 2031" തയ്യാറാക്കിയിട്ടുള്ളതാണ്.

മൃഗങ്ങൾ ജനവാസ മേഖലകളിലേയ്ക്ക് ഇറങ്ങുന്നത് തടയുന്നതിനായി വന്യമൃഗങ്ങളെ കാട്ടിനുള്ളിൽതന്നെ നിലനിർത്തുക (Containment), മനുഷ്യ-വന്യജീവി സംഘർഷങ്ങളുടെ തീവ്രത ലഘൂകരിക്കുക (Mitigation) എന്നിവയ്ക്കാണ് സർക്കാർ മുൻഗണന നൽകുന്നത്. എന്നാൽ, ഈ മുൻകരുതൽ നടപടികൾക്ക് ശേഷലും വനാതിർത്തി ലംഘിച്ചുണ്ടാകുന്ന മനുഷ്യ-വന്യജീവി സംഘർഷങ്ങൾ മൂലം നാശനഷ്ടം സംഭവിക്കുന്ന പക്ഷം , അർഹമായ ധനസഹായം സമയബന്ധിതമായി ലഭ്യമാക്കുന്നതിനായുള്ള നടപടികളും സ്വീകരിക്കുന്നതാണ്. Containment & Mitigation-ന്റെ ഭാഗമായി വനത്തിനുള്ളിൽ ഭക്ഷണ-ജല ലഭ്യത കൂട്ടുക, സൗരോർജ്ജവേലികൾ സ്ഥാപിക്കുക, AI, ഡ്രോൺ എന്നീ ആധുനിക സാങ്കേതികവിദ്യകളിലൂടെ തത്സമയ മുന്നറിയിപ്പ് നൽകുക, ദ്രുത പ്രതികരണ സംഘങ്ങളുടെ പ്രവർത്തനം ഊർജ്ജപ്പെടുത്തുക തുടങ്ങിയ സമഗ്ര പരിപാടികൾ വിഭാവനം ചെയ്യുന്നു. മനുഷ്യ-വന്യജീവി സംഘർഷത്തെ തുടർന്നുണ്ടാകുന്ന മരണങ്ങൾ, പരിക്കുകൾ, കൃഷിനാശം എന്നവയ്ക്ക് വേഗത്തിലുള്ള നഷ്ടപരിഹാരവും ഇൻഷുറൻസ് പരിരക്ഷയും ഉറപ്പാക്കുന്നതിനുള്ള നടപടികളും വിഭാവനം ചെയ്തിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**